**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **03.11.2011-ൽ മറുപടിയ്ക്ക്**
**ചോദ്യം നമ്പർ. 7178**

## ഗ്രാമവികസന വകുപ്പിന്റെ വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. ഗ്രാമവികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ സർക്കാർ പദ്ധതികളെക്കുറിച്ച് കൃത്യമായി അറിയിപ്പു ലഭിക്കാത്തതു മൂലം സാധാരണക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. & ബി. | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പരിപാടികളെക്കുറിച്ച് ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയും പത്രങ്ങളിലൂടെയും കേന്ദ്ര സർക്കാർ പ്രചാരം നൽകുന്നുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലെ ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളിലൂടെയും പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിനു പുറമെ ഗ്രാമവികസന വകുപ്പിന്റെ ദ്വൈമാസികയായ ഗ്രാമഭൂമിയിലൂടെയും പദ്ധതികളെക്കുറിച്ച് പ്രചാരം നൽകുന്നുണ്ട്. |
| ബി. എങ്കിൽ, സർക്കാർ പദ്ധതികളെക്കുറിച്ചും, വി.ഇ.ഒ.മാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവത്ക്കരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ; ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതിയെന്തെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.